13484
17/12/14

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം, 2005 - ഫാമിലി കൗൺസിലിംഗ് സെന്ററുകളിലെ ക്ലാർക്ക്/ടൈപ്പിസ്റ്റുമാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം.743/2014/സാനീവ തീയതി, തിരുവനന്തപുരം 12.12.2014

---

പരാമർശം: (1) കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് സെക്രട്ടറിയുടെ 07/06/2013 - ലെ KSW.8/FCC/Genl/2012-13/190 നമ്പർ കത്ത്.

(2) സാമൂഹ്യനീതി ഡയറക്ടറുടെ 19/02/2014 - ലെ എഫ് - 2/18692/11 നമ്പർ കത്ത്.

## ഉത്തരവ്

ഗാർഹിക പീഡനത്തിൽ നിന്നും വനിതകൾക്ക് സംരക്ഷണം നൽകുന്ന നിയമം, 2005 ഫലപ്രദമായി നടപ്പിലാക്കുന്നതിലേയ്ക്കായി സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളോട് അനുബന്ധിച്ച് കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡിന്റെ ഗ്രാന്റോടെ ഫാമിലി കൗൺസിലിംഗ് സെന്ററുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. ടി സെന്ററുകളിൽ സേവനമനുഷ്ഠിക്കുന്ന ക്ലാർക്ക്/ടൈപ്പിസ്റ്റുകൾക്ക് കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് മുഖേന നിലവിൽ 1500/- മുതൽ 3000/- രൂപവരെ പ്രതിമാസ ഓണറേറിയമായി നൽകി വരുന്നുണ്ട്. ടി ജീവനക്കാരുടെ ജോലി ഭാരം പരിഗണിക്കുമ്പോൾ ഇവർക്ക് ലഭിക്കുന്ന വേതനം സമാനമേഖലയിൽ പ്രവർത്തിക്കുന്ന ജീവനക്കാരെക്കാൾ വളരെ കുറവാണെന്നും ആയതിനാൽ ടി ജിവനക്കാർക്ക് കേന്ദ്ര വിഹിതമായി ലഭിക്കുന്ന ഓണറേറിയത്തിനു പുറമേ 2000/- രൂപ വീതം പ്രതിമാസം സംസ്ഥാന വിഹിതമായി നൽകണമെന്നും പരാമർശം (1), (2) പ്രകാരം കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് സെക്രട്ടറിയും സാമൂഹ്യനീതി ഡയറക്ടറും അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ '2235-02-103-90 (01) പ്ലാൻ' ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഫാമിലിംഗ് കൗൺസിലിംഗ് സെന്ററുകളിലെ ക്ലാർക്ക്/ടൈപ്പിസ്റ്റുമാർക്ക് കേന്ദ്ര സാമൂഹ്യക്ഷേമ ബോർഡ് മുഖേന നിലവിൽ നൽകി വരുന്ന ഓണറേറിയത്തിനു പുറമേ 2000/- (രണ്ടായിരം രൂപ മാത്രം) വീതം സംസ്ഥാനവിഹിതമായി

പ്രതിമാസം നൽകുന്നതിനു അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു. പ്രസ്തുത തുക നടപ്പ് സാമ്പത്തിക വർഷത്തെ '2235-02-103-90 (01) പ്ലാൻ' ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ലീലാമണി.കെ.എം.**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എആൻറ്ഇ/ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (06.12.2014 - ലെ 102417/WW1/14/Fin.പ്രകാരം)
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ , ഓഫീസ് പകർപ്പ്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**